ഖുത്വ്ബ നമ്പർ

**48**

**30-11-2012**

بسم الله الرحمن الرحیم O نحمده ونصلی علیٰ رسوله الکریم O وعلیٰ عبده المسیح الموعود

# ജുമുഅ ഖുത്വ്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്**



ഞാനിപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കളുടെ വിവിധ സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ സഹാബാക്കളുടെ ദൃഢവിശ്വാസത്തിന്റെ സംഭവങ്ങളുണ്ട്. കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ വായിച്ച് അത് സഹാബാക്കളുടെ ഹൃദയത്തെ സ്വാധീനിക്കുകയും സത്യം വെളിപ്പെടുകയും ചെയ്ത ചില സംഭവങ്ങളുമുണ്ട്. അതുപോലെ സ്വപ്നങ്ങളിലൂടെ അല്ലാഹു എപ്രകാരമാണ് മാർഗ്ഗദർശനം നൽകിയതെന്നുമുള്ള സംഭവങ്ങളുമുണ്ട്. ഓരോരോ സംഭവങ്ങളാണ്. സംഭവങ്ങൾ നീണ്ടതാണെന്നുള്ള കാരണത്താൽ ഒന്ന് രണ്ടെണ്ണമാണ് ഞാൻ എടുത്തിട്ടുള്ളത്. ഹദ്റത്ത് ശേഖ് സൈനുൽ ആബ്ദീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ ഞങ്ങളുടെ സഹോദര പത്നി രോഗിയായി. കഠിനമായ രോഗമായിരുന്നു. ഇനി ഖാദിയാനിൽ പോകുന്നതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്ന് ഞങ്ങൾ ധരിച്ചു. അതായത് ഖാദിയാനിൽ കൊണ്ടു പോയി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ കൊണ്ട് ചികിത്സിപ്പിക്കാം. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അഭ്യർത്ഥിക്കാം കൂടെ ദു : ആയും ചെയ്യിപ്പിക്കാം. പറയുന്നു, ഞങ്ങൾ പുറപ്പെട്ടു. മാതാവും കൂടെയുണ്ടായിരുന്നു. സഹോദരനും കൂടെയുണ്ടായിരുന്നു. കൈയ്യെഴുത്തായത് കൊണ്ട് സ്പഷ്ടമായി വായിക്കാൻ കഴിയുന്നില്ല. പറയുന്നു, വഴി മദ്ധ്യേ ഞങ്ങൾ ആ സ്ത്രീയോട് പറഞ്ഞു, ഹദ്റത്ത് സാഹിബ് എവിടെയൊ പോയിരിക്കുകയാണ്. അതിനാൽ നിന്റെ ചികിത്സ മൗലവി നൂറുദ്ദീൻ സാഹിബിനെ കൊണ്ട് ചെയ്യിപ്പിക്കം. എന്നാൽ മൗലവി സാഹിബിനെ കൊണ്ട് ഒരിക്കലും ചികിത്സിപ്പിക്കുന്നതല്ല എന്നും ഹുസൂറിന്റെ ചികിത്സയാണ് ആഗ്രഹിക്കുന്നതെന്ന് നീ പറയണം.

പറയുന്നു, ഞങ്ങൾ ഖാദിയാനിൽ എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, മൗലവി സാഹിബ് നിങ്ങളെ ചികിത്സിക്കുന്നതാണ്. എന്നാൽ ആ യുവതി പറഞ്ഞു, ഹുസൂർ, ഞാൻ മൗലവി സാഹിബിനെ കൊണ്ട് ചികിത്സിപ്പിക്കാൻ തയ്യാറല്ല. ഹുസൂർ സ്വയം ചികിത്സിച്ചാലും. ഹുസൂർ (അ) ഒരു മരുന്ന് കുറിച്ചു. കൂടാതെ വീട്ടിൽ നിന്ന് 3 കുപ്പി തേനും കൊണ്ട് വന്നു എന്നിട്ട് പറഞ്ഞു, ഞാൻ നാളെ ലുധിയാനയിലേക്ക് പോകുകയാണ്. നിങ്ങൾ ഈ ചികിത്സ ആരംഭിച്ച് കൊള്ളുക. രോഗം ഭയാനകമാണ്. അതിനാൽ എനിക്ക് കത്തിലൂടെയൊ സ്വയം എത്തികൊണ്ടോ വിവരം നൽകണം.

പറയുന്നു, ഞങ്ങൾ കുറിപ്പടി വാങ്ങി മൗലവി നൂറുദ്ദീൻ സാഹിബിന് കാണിച്ച് കൊടുത്തു. അദ്ദേഹം പറഞ്ഞു ഈ കുറിപ്പടി ഇത്തരം രോഗിക്ക് അത്യന്ത്യം ഹാനികാരിയാണ്. അഥവാ ഞാൻ ഇത്തരത്തിലുള്ള ഏതെങ്കിലും രോഗിക്ക് ഈ മരുന്ന് നൽകുകയാണെങ്കിൽ ആ രോഗി ഒരു മിനിറ്റിനുള്ളിൽ തന്നെ മരിക്കുന്നതാണ്. എന്നാൽ ഈ കുറിപ്പടി ഹുസൂറിന്റേതാണ്. അതിനാൽ നിശ്ചയമായും ഈ യുവതി സുഖം പ്രാപിക്കുന്നതാണ്. അങ്ങിനെ ഞങ്ങൾ ആ മരുന്ന് ഉപയോഗിക്കാൻ തുടങ്ങി. രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ തന്നെ അവർക്ക് ആശ്വാസം ലഭിക്കുകയും ചെയ്തു.

ഹദ്റത്ത് ഖലീഫ അവ്വലിനും പരിപൂർണ്ണ വിശ്വാസമുണ്ടായി രുന്നു. അതുകൊണ്ടാണ് നൂറുദ്ദീനെ പോലെയുള്ളവർ എനിക്ക് ലഭിച്ചാൽ വിപ്ലവം ഉണ്ടാവുന്നതാണ് എന്ന് ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞത്. എന്നാൽ ചികിത്സ എന്താണെങ്കിലും ഞങ്ങളത് ഉപയോഗിക്കുന്നതാണെന്നതായിരുന്നു ആ ഗ്രാമീണരുടെയും വിശ്വാസം. അതിലൂടെ ശമനം ലഭിക്കുമെന്നും അല്ലാഹു സൗഖ്യം നൽകുമെന്നും അവർ വിശ്വസിച്ചിരുന്നു.

ഹദ്റത്ത് മിയാൻ മുഹമ്മദ് ശരീഫ് സാഹിബ് കശ്മീരി (റ) നിവേദനം ചെയ്യുന്നു. മൗലവി ഇമാമുദ്ദീൻ സാഹിബ് സേഖ്വാനിയുടെ സഹോദരൻ മിയാൻ ജമാലുദ്ദീൻ സാഹിബ് സേഖ്വാനി ഹുസൂറിനോട് പറഞ്ഞു, ഹുസൂർ പള്ളിയുടെ മുകളിൽ ഇരിക്കുകയായിരുന്നു. പറഞ്ഞു, ഇത് ഞങ്ങളുടെ സഹോദരൻ മുഹമ്മദ് ശരീഫാണ്. ഇവരുടെ നാട്ടിൽ പ്ലേഗ് അതികഠിനമാണ്. അദ്ദേഹത്തിന് വേണ്ടി ദു:ആ ചെയ്താലും. ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു, പ്ലേഗ് എങ്ങിനെയാണ് ഉണ്ടാകുന്നത്? ഞാൻ പറഞ്ഞു, ആദ്യം എലി ചാകുന്നു. ഹുസൂർ പറഞ്ഞു. ഇത് അല്ലാഹുവിൽ നിന്നുള്ള നോട്ടീസാകുന്നു. പിന്നീട് ഞാൻ പറഞ്ഞു, ഹുസൂർ ചുവന്ന കുരു ഉണ്ടാകുമ്പോൾ ആ രോഗി രക്ഷപ്പെടുന്നു. മഞ്ഞ കുരു ഉള്ളയാൾ രക്ഷപ്പെടില്ല ഹുസൂർ പറഞ്ഞു, നിങ്ങൾ അവിടെ പോകാറുണ്ടൊ? ഞാൻ ചോദിച്ചു, ഞാൻ അവിടെ പോകട്ടെ? പറഞ്ഞു, വിട്ട് നിൽക്കുന്നതാണ് ഉത്തമം. പൊതുവിൽ അവരുടെ അടുത്ത് പോകരുത്. എന്നാൽ വിശ്വാസമുള്ളവർക്ക് യാതൊരു അപകടവുമില്ല. അവർ പ്ലേഗിനാൽ മരിക്കില്ല. ഞാൻ ചോദിച്ചു, എന്റെ ഭാര്യ പ്ലേഗിനാൽ മരിച്ചു. ഹുസൂർ പറഞ്ഞു, എന്നിൽ പരിപൂർണ്ണ വിശ്വാസം അവർക്കില്ലെന്നതാണ് മനസ്സിലാകുന്നത്. അഥവാ വിശ്വാസം ഉണ്ടായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള രോഗത്താൽ മരിക്കില്ലായിരുന്നു. പറയുന്നു, അവർ ബയ്അത്ത് ചെയ്തിരുന്നില്ലെന്ന് എനിക്ക് മനസ്സിലായി. തുടർന്ന് ഹുസൂർ പറഞ്ഞു, നിങ്ങൾ ഇസ്തിഗ്ഫാർ ഉരുവിട്ടുകൊണ്ടിരിക്കുക. ഞങ്ങളുടെ മുഴുവൻ കുടുബംവും രോഗബാധിതരായിരുന്നു. ഹുസൂറിന് ഞാനെഴുതിയപ്പോൾ ഹുസൂർ വീണ്ടും പറഞ്ഞു, ഇസ്തിഗ്ഫാർ ചൊല്ലുക. ഞങ്ങൾ അത് പ്രാവർത്തികമാക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും രക്ഷപ്പെടുകയും ചെയ്തു.

മിയാൻ മുഹമ്മദ് ശരീഫ് കശ്മീരി സാഹിബ് പറയുന്നു, മിയാൻ സിദ്ദീഖ് സാഹിബിന്റെ മകൻ ജമാലുദ്ദീൻ സാഹിബ് സേഖ്വാനി പറഞ്ഞു, രാജാക്കന്മാർ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുമ്പോൾ നമുക്ക് അനുഗ്രഹം ലഭിക്കില്ലെ? എന്നുള്ളതാണ് എന്റെ ചിന്ത.- രാജാക്കന്മാർ നിന്റെ വസ്ത്ര ങ്ങളിൽ നിന്ന് അനുഗ്രഹം തേടുന്നതാണെന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഇൽഹാമാണ്.- അദ്ദേഹ ത്തിന്റെ കണ്ണിൽ നിന്ന് കണ്ണ്നീർ ഒലിക്കുമായിരുന്നു. അദ്ദേഹം ഹുസൂറിന്റെ തലപ്പാവിന്റെ ഒരറ്റം കയ്യിലെടുത്ത് കണ്ണുകളിൽ തടവി. കണ്ണ് സുഖമായി. പറയുന്നു, എനിക്കും കണ്ണു വേദനയുണ്ടായിരുന്നു. ഞാനും തലപ്പാവിന്റെ അറ്റം എന്റെ കണ്ണുകളിൽ തടവിയപ്പോൾ അത് സുഖമായി.

ഇനി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥത്തിന്റെ പ്രഭാവത്തിന്റെ ഒരു സംഭവമാണ് മറിച്ച് രണ്ട് സംഭവങ്ങളാണ്. മിയാൻ നൂറുദ്ദീൻ സാഹിബിന്റെ  മകൻ ഹദ്റത്ത് മിയാൻ മുഹമ്മദുദ്ദീൻ സാഹിബ് പറയുന്നു, ആര്യന്മാരും ബ്രഹ്മ സമാജികളും നിരീശ്വരവാദികളുമായ ലക്ചറന്മാരുടെ ദുഷ് പ്രഭാവം എന്നെയും എന്നെ പോലുള്ള ധാരാളം പേരെയും നശിപ്പിച്ചിരുന്നു. അതായത് അല്ലാഹുവിൽ നിന്ന് അകറ്റിയി രുന്നു. ഇസ്ലാമിൽ നിന്ന് അകറ്റിയിരുന്നു. ഈ സ്വാധീന ത്താൽ നിരർത്ഥകമായ ജീവിതം കഴിച്ചുകൂട്ടുകയായിരുന്നു.

ബറാഹീനെ അഹ്മദിയ്യാ വായിക്കാനായി ലഭിച്ചപ്പോൾ അത് വായിക്കാൻ തുടങ്ങി. ഗ്രന്ഥം വായിക്കാനുള്ള തൗഫീ ഖ് ലഭിച്ചു എന്നതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. ധാരാ ളം പേർക്ക് അതിനുള്ള തൗഫീഖ് ലഭിക്കാറില്ല. അവർ ശാഠ്യ പ്രകൃതക്കാരായിരിക്കും. ഏതായാലും അല്ലാഹുവിന്റെ അനു ഗ്രഹം ലഭിക്കണമായിരുന്നു.  പറയുന്നു, എനിക്ക് ബറാഹീ നെ അഹ്മദിയ്യാ ലഭിച്ചു വായിക്കാൻ തുടങ്ങി. വായിച്ച് വായി ച്ച് ഞാൻ ദൈവാസ്ഥിത്വത്തിന്റെ തെളിവ് വായിക്കുമ്പോൾ 90ാം പേജിലെ 2 ാം അടിക്കുറിപ്പിലും, 149 ാം പേജിലെ 11 ാം അടിക്കുറിപ്പിലും എത്തിയപ്പോൾ തന്നെ എന്റെ നിരീശ്വര വിശ്വാസം അലിഞ്ഞില്ലാതായി. ഇത് റൂഹാനി ഖസായിൻ ഒന്നാം വാല്യത്തിലെ  78 ാം പേജിലാണ്. 2 ാം അടിക്കുറിപ്പെ ന്നാണ് എഴുതിരിക്കുന്നത്. അത് തെറ്റാണ് മുമ്പ് അക്കങ്ങൾ ഉറുദുവിലാണ് എഴുതാറുണ്ടായിരുന്നത്. 2 അല്ല അടിക്കുറിപ്പ് നമ്പർ 4 ആണ്. അതു പോലെ 153 ലാണ് ഈ ഉദ്ധരണിയു ള്ളത്. അത് 11 ാം അടിക്കുറിപ്പിലാണ് തുടങ്ങുന്നത് 3,4 പേജ് മുന്നിലോട്ടാണ്. അത് വായിക്കുമ്പോൾ അല്ലാഹുവിന്റെ അസ്ഥിത്വം സ്പഷ്ടമാകുന്നു. ഏതായാലും അദ്ദേഹം പറ യുന്നു അവിടെയെത്തിയപ്പോൾ തന്നെ എന്റെ നിരീശ്വര വി ശ്വാസം അപ്രത്യക്ഷമായി. ഉറങ്ങിക്കിടന്നവരോ, മരിച്ചവരോ ജീവനോടെ ഉയിർത്തെഴുന്നേൽക്കുന്നതു പോലെ എന്റെ കണ്ണുകൾ തുറന്നു. തണുപ്പുകാലം, 1893 ജനുവരി 19 ാം തിയ്യ തിയായിരുന്നു. അർദ്ധരാത്രി സമയത്ത് ഞാൻ, ഉണ്ടാകേ ണ്ടതാണ്, ഉണ്ടാകണം എന്ന അവസ്ഥയിലേക്ക് എത്തി - ഇവിടെ അല്ലാഹുവിന്റെ അസ്ഥിത്വത്തെ കുറിച്ചാണ് പരാമർ ശിക്കുന്നത്. പറയുന്നു, അസ്ഥിത്വത്തിൽ വരുന്ന എല്ലാ വസ് തുക്കളുടെയും സൃഷ്ടാവ് ഉണ്ടാകേണ്ടതാണെന്ന് ബോധം ഉണ്ടാകുന്നു. ഇതിനെ ഉണ്ടാക്കിയ ഒരാൾ ഉണ്ടാകേണ്ട താണ്. അല്ലാഹുവിന്റെ അസ്ഥിത്വത്തിന് തെളിവായിട്ട് ഹദ് റത്ത് മസീഹ് മൗഊദ് (അ) ഈ രണ്ട് വസ്തുക്കളെയും സമർപ്പിച്ചിരിക്കുന്നു. ഉണ്ട് എന്ന വസ്തുത യഥാർത്ഥത്തിൽ അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ ദൃഢവിശ്വാസം ജനിപ്പി ക്കുന്നു. ഏതായാലും ഇത് വളരെ ഗഹനമായ വിഷയമാണ്. അതിന്റെ വിശദീകരണത്തിലേക്ക് കടക്കാൻ സാധിക്കില്ല. ബറാഹീനെ അഹ്മദിയ്യായിൽ എഴുതിട്ടുള്ളത് വായിക്കുക. ഏതായാലും അദ്ദേഹം ഗ്രന്ഥം വായിക്കുകയായിരുന്നു. പറ യുന്നു,- അർദ്ധരാത്രിയായപ്പോൾ ഉണ്ടാകേണ്ടതാണ്, ഉണ്ട് എന്ന സ്ഥലത്തെത്തിയപ്പോൾ, വായിച്ച ഉടൻ തന്നെ തൗബ ചെയ്തു. തൗബയിലേക്ക് അതീവശ്രദ്ധ വന്നു. ഞാൻ തൗബ ചെയ്തു. തണുത്ത വെള്ളത്താൽ നിറഞ്ഞ പുതിയ കുടം പുറത്ത് മുറ്റത്തിരിക്കുന്നുണ്ടായിരുന്നു. ജനുവരി മാസത്തിൽ കുടത്തിലെ വെള്ളം എത്ര തണുത്തതായിരിക്കുമെന്ന് സങ്ക ൽപ്പിക്കുക. തണുത്ത വെള്ളം കൊണ്ട് മുണ്ട് കഴുകി. മൻതു എന്ന് പേരുള്ള എന്റെ വേലക്കാരൻ ഉറങ്ങുകയായിരുന്നു. ഞാൻ കഴുകാൻ തുടങ്ങിയപ്പോൾ അവനും എഴുന്നേറ്റു എന്നോട് ചോദിച്ചു. എന്തു പറ്റി?  ഈ മുണ്ട് എനിക്ക് തരിക ഞാൻ കഴുകാം. എന്നാൽ ഞാൻ അപ്പോൾ കുടിച്ചിരുന്ന മദ്യത്തിന്റെ ലഹരി ആരോടും സംസാരിക്കാൻ എന്നെ അനു വദിച്ചിരുന്നില്ല. അവസാനം മൻതു കഴിയുന്നത്ര ശമിച്ച് നിശ് ബ്ദനായി. പറയുന്നു, ഞാൻ ഈർപ്പമുള്ള മുണ്ടുടുത്ത് നമസ് കരിക്കാൻ തുടങ്ങി. മൻതു നോക്കി കൊണ്ടിരുന്നു. പൂർണ്ണ മായും ലയിച്ചു കൊണ്ടുള്ള ആ നമസ്കരം നീണ്ടു പോയ കാരണത്താൽ മൻതു ക്ഷീണിച്ച് ഉറക്കം തുടങ്ങി. ഞാൻ നമസ്കാരത്തിൽ ലീനനായിരുന്നു. ബറാഹീനാണ് എന്നെ ഇങ്ങനെ നമസ്കരിപ്പിച്ചത്. അതിന് ശേഷം ഇതു വരെ ഞാൻ നമസ്കാരം ഉപേക്ഷിച്ചിട്ടില്ല. ഹദ്റത്ത്  മസീഹ് മൗഊദ് (അ) ന്റെ ഈ ദൃഷ്ടാന്തം വിവരിക്കുന്നതിനായി ട്ടാണ് മേൽ വിവരിച്ച നീണ്ട ആമുഖം ഞാൻ പറഞ്ഞത്. എങ്ങിനെയാണ് ബറാഹീനെ അഹ്മദിയ്യാ എന്റെ അന്തരാള ത്തിൽ ഒരു വിപ്ലവം സംജാതമാക്കിയത് എന്ന് വിവരിക്കുന്ന തിനായിട്ടായിരുന്നു നീണ്ടതും മനോഹരവുമായ ആമുഖം ഞാൻ വിവരിച്ചത്.

പറയുന്നു, യുവത്വത്തിൽ, അവിവിവാഹിതനായിരുന്ന അവസ്ഥയിൽ ഒരു പക്ഷെ സുറയ്യയേക്കാളും ഉയർന്ന് പോയ വിശ്വാസത്തെ ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ ഹൃദ യത്തിലേക്ക് ഇറക്കുകയും **മുസൽമാൻ റാ മുസൽമാൻ ബാസ്ഗർദൻ**  എന്നതിന്റെ സാക്ഷ്യപത്രമാക്കുകയും ചെ യ്തു. നിഷേധിയുടെ അവസ്ഥയിൽ ഞാൻ പ്രവേശിച്ച രാത്രി യുടെ പ്രഭാതം വിശ്വാസത്തിന്റെ അവസ്ഥയിലാണ് പൊട്ടി വിരിഞ്ഞത്. ബറാഹീനെ അഹ്മദിയ്യാ വായിച്ചത് കൊണ്ട് ഏതൊരു ഇസ്ലാമിന്റെ അവസ്ഥയിലാണൊ പ്രഭാതത്തി ലേക്ക് പ്രവേശിച്ചത്, ഞാനപ്പോൾ ഇന്നലെ പ്രദോഷം വരെ ഉണ്ടായിരുന്ന ദീനിലായിരുന്നില്ല. പ്രകൃത്യാ എന്നിൽ നല്ല ലജ്ജാ ശീലം ഉണ്ടായിരുന്നു. എന്നാൽ ദുർമാർഗ്ഗികളുടെ സഹവാസത്തിൽ അത് കൈമോശം വന്നിരുന്നു. അതായത് തെറ്റായ ആളുകളുടെ സഹവാസത്തിൽ കഴിഞ്ഞ കാരണ ത്താൽ നഷ്ടപെട്ടിരുന്നു. അല്ലാഹു തന്റെ ഔദാര്യത്താലും കാരുണ്യത്താലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അനു ഗ്രഹത്താൽ എനിക്ക് അതേ ലജ്ജാശീലം മടക്കിതന്നു. ഞാ നന്നേരം സൂറ ഹുജറാത്തിലെ 7ാമത്തെ ആയത്താണ് എഴു തിയിരിക്കുന്നത് എന്നാൽ 8,9ആയത്തുകളാണ്. അതായത്

اللّٰہَ حَبَّبَ اِلَیۡکُمُ الۡاِیۡمَانَ وَزَیَّنَہٗ فِیۡ قُلُوۡبِکُمۡ وَکَرَّہَ اِلَیۡکُمُ الۡکُفۡرَ وَالۡفُسُوۡقَ وَالۡعِصۡیَانَ ؕ اُولٰٓئِکَ ہُمُ الرّٰشِدُوۡنَ ۙ﴿۸﴾ فَضۡلًا مِّنَ اللّٰہِ وَنِعۡمَۃً ؕ وَاللّٰہُ عَلِیۡمٌ حَکِیۡمٌ ﴿۹﴾

അല്ലാഹു സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് ആകർഷകമാക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും, ദുർമാർഗ്ഗവും, ധിക്കാരവും അവൻ നിങ്ങൾക്ക് വെറുക്കപ്പെട്ടതാക്കുകയും ചെയ്തിരിക്കുന്നു. അത്തരക്കാർ തന്നെയാണ് നേർമാർഗ്ഗം പ്രാപിച്ചവർ. അല്ലാഹുവിൽ നിന്നുള്ള ഔദാര്യവും അനുഗ്രഹവുമാണിത്. അല്ലാഹു സർവ്വജ്ഞനും യുക്തിജ്ഞനുമാകുന്നു.

പറഞ്ഞു വിശ്വാസിച്ചതിനോടൊപ്പം തന്നെ വിശുദ്ധഖുർആന്റെ ശ്രേഷ്ടതയും സ്നേഹവും എന്റെ ഹൃദയത്തിൽ കുടികൊണ്ടു. വിശ്വാസത്തിന്റെ തായ്‌വേരായ ശരീഅത്തിന്റെ ജ്ഞാനം കരസ്ഥമാക്കുന്നതിനുള്ള ചിന്തയും താൽപര്യവും എന്നിൽ നിലകൊണ്ടു. അതിനു ശേഷം 1894 ൽ ഒരു പ്രാവശ്യം ബറാഹീനെ അഹ്മദിയ്യാ മുഴുവനും വായിച്ച് തീർത്തു. തഹജ്ജുദ് നമസ്കാരത്തിന് ശേഷമായിരുന്നു വായന. പിന്നീട് ആയിനയെ കമാലാതെ ഇസ്‌ലാം വായിച്ചു. അത് തൗസീഎ മറാം എന്നതിന്റെ വിശദീകരണമായിരുന്നു. ഗുജറാത്ത് ജില്ലയിലെ ഖാരിയാൻ തഹ്സീലിലെ ബലാനി നിവാസിയായ ഹദ്റത് ഖിബ്‌ല മുൻഷി മിർസാ ജലാലുദ്ദീൻ സാഹിബ് പെൻഷണർ മുൻഷി രാസില നമ്പർ 12, രണ്ട് മാസത്തെ അവധിയെടുത്ത് സിയാൽകോട്ട് കേന്റിൽ നിന്ന് ബലാനിയിലെത്തി. ഞാൻ ബലാനിയിൽ പഠ്‌വാരിയായിരുന്നു. അദ്ദേഹത്തിൽ നിന്ന് അഡ്രസ്സ് വാങ്ങി ബയ്അത്തിനുള്ള കത്തെഴുതി. 1894 ഒക്ടോബറിൽ എനിക്ക് അതിന്റെ മറുപടി ലഭിച്ചു. പ്രത്യക്ഷ ബയ്അത്തും അനിവാര്യമാണെന്നായിരുന്നു അതിൽ എഴുതിയിരുന്നത്. അങ്ങിനെ 1895 ജൂൺ 5ാം തിയ്യതി മസ്ജിദ് മുബാറക്കിന്റെ മുകളിലുള്ള മാളികയുടെ വാതിൽ പടിയുടെ കിഴക്ക് ഭാഗത്ത് വെച്ച് ഹദ്റത്ത് സാഹിബിന് ബയ്അത്ത് ചെയ്തു.

മിയാൻ നൂറുദ്ദീൻ സാഹിബിന്റെ മകൻ ഹദ്റത്ത് മിയാൻ മുഹമ്മദ് ദീൻ സാഹിബ് പറയുന്നു, ദീനിവിജ്ഞാനത്തിൽ എനിക്ക് യാതൊരു അറിവുമില്ലെന്ന് എനിക്ക് തോന്നി. മൗലവിമാർ എന്നെ ബുദ്ധിമുട്ടിക്കുന്നതാണ്. ഞാൻ എന്ത് ചെയ്യും? ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊ മറ്റാരോടെങ്കിലുമൊ ചോദിക്കാൻ ലജ്ജ തോന്നിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞാൻ ചോദിക്കാതെ തന്നെ അതിന് മറുപടി നൽകി. പറയുന്നു, മസ്ജിദ് മുബാറക്കിന്റെ മുകളിൽ മിഹ്റാബിലായിരുന്നു. അദ്ദേഹത്തിന്റെ തല വടക്കു ഭാഗത്തായിരുന്നു. ഞാൻ പിൻഭാഗത്തിരുന്ന് കിഴക്കോട്ട് മുഖം തിരിച്ച് അദ്ദേഹത്തിന് തടവികൊടുക്കുകയായിരുന്നു. ചോദിക്കാൻ എനിക്ക് ലജ്ജയായിരുന്നു. എന്തായാലും ഇരുന്നപ്പോൾ ചിന്തയിൽ വന്നു. പറയുന്നു, കിടന്ന് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ നേർക്ക് മുഖം തിരിച്ചു. ഉയർന്നതും ഗാംഭീര്യം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു, അത് കേട്ട് ഞാൻ വിറച്ചു പോയി. നമ്മുടെ ഗ്രന്ഥങ്ങൾ വായിക്കുന്നവർ ഒരിക്കലും പരാജിതരാകില്ല. ഈ ഖജനാവ് ഇന്നും നമ്മുടെ പക്കലുണ്ട്. അത് കരസ്ഥമാക്കാൻ, വായിക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഇപ്പോൾ ധാരാളം ഗ്രന്ഥങ്ങൾ വ്യത്യസ്ഥ ഭാഷകളിൽ പരിഭാഷപ്പെടുത്തികഴിഞ്ഞു.

ഹദ്റത് ചൗധരി ഫത്തഹ് മുഹമ്മദ് സാഹിബ് നിവേദനം ചെയ്യുന്നു. എന്റെ ഒരു സഹോദരൻ നവാബ് ദീൻ ഒരു സ്വപ്നം കണ്ടു. ഹുസൂർ എന്നോട് 8 അണയുടെ പൈസ ചോദിക്കുന്നു. പിന്നീട് ഞാനും നവാബ്ദീനും പൈസ കൊടുക്കാൻ പോയി. സ്വപ്നം കേൾപ്പിച്ചപ്പോൾ ഹുസൂർ പറഞ്ഞു, ഈ സ്വപ്നത്തിന്റെ ഫലമായി നിങ്ങൾ അറിവ് കരസ്ഥമാക്കുന്നതാണ്. മൗലവി സിക്കന്ദർ അലി സാഹിബ് ഞങ്ങളുടെ ഗ്രാമത്തിൽ വന്നപ്പോൾ അദ്ദേഹത്തിൽ നിന്ന് ഞാനും നവാബ് ദീൻ സാഹിബും മറ്റ് ധാരാളം പേരും ഖുർആൻ പഠിച്ചു. കുറച്ച് ഉറുദു ഗ്രന്ഥങ്ങളും പഠിച്ചു. അങ്ങിനെ ഹുസൂർ പറഞ്ഞത് പൂർത്തിയായി. തുടർന്ന് പറയുന്നു, ഞങ്ങളുടെ ഗ്രാമത്തിൽ ഒരു അരയാൽ വൃക്ഷം ഉണ്ടായിരുന്നു അത് ഞങ്ങൾ മിർസാ നിസാമുദ്ദീൻ സാഹിബിന് വിറ്റിരുന്നു. അന്നേരം ഞങ്ങളുടെ ഗ്രാമത്തിൽ പ്ലേഗ് ഉണ്ടായിരുന്നു. ആ അരയാൽ വൃക്ഷത്തിന്റെ പണം ഞങ്ങൾ പട്ടണത്തിലേക്ക് വന്നപ്പോൾ ഹദ്റത് സാഹിബിന് നേർച്ചയാക്കി. ഹുസൂർ പാതയിൽ നിന്ന് വിട്ട് നിന്ന് ഞങ്ങളുടെ ഗ്രാമത്തിലെ പള്ളിയുടെ അടുത്ത് വന്ന് ദു:ആ ചെയ്യാൻ തുടങ്ങി. അങ്ങിനെ ഗ്രാമത്തിൽ രോഗം ഇല്ലാതായി.

ഹദ്റത് ഫള്ൽ ദീൻ സാഹിബ് (റ) തന്റെ ബയ്അത്തിനെ കുറിച്ച് പരാമർശിച്ച് കൊണ്ട് പറയുന്നു, ഞാൻ ആദ്യത്തിൽ ഒരു സ്വാതന്ത്ര ചിന്താഗതിക്കാരനായിരുന്നു. ഏതാനും വർഷങ്ങൾ ആ അവസ്ഥയിൽ തന്നെ കഴിഞ്ഞു പോയി. പിന്നീട് ഏതാനും സുഹൃത്തുക്കളുടെ സഹവാസത്തിന്റെ ഫലമായി ഞാൻ നഖ്ശ്ബന്ദി കുടുംബത്തിന്റെ ശിഷ്യനായി. കാരണം എന്റെ സുഹൃത്തുക്കളും നഖ്ശ്ബന്ദി കുടുംബത്തിന്റെ ശിഷ്യരായിരുന്നു. ഞങ്ങളുടെ മുർശദ് ഞങ്ങളുടെ തന്നെ ഗ്രാമത്തിലാണ് വസിച്ചിരുന്നത്. ഈ കുടുംബം സ്വയം തങ്ങളെ ശരീഅത്തിനെ അനുസരിക്കുന്നവരായി പറഞ്ഞിരുന്നു. തങ്ങളുടെ പരമ്പര ഹദ്റത്ത് അബൂബക്കർ സിദ്ധീഖിലേക്ക് ബന്ധിപ്പിച്ചിരുന്നു. അതിനാൽ ബയ്അത്തിന്റെ തുടക്കത്തിൽ എന്നോട് നമസകാരത്തിനും നോമ്പിനും ശക്തമായി നിഷ്കർഷിച്ചിരുന്നു. തഹജ്ജുദ് നമസ്കാരത്തിനും നിഷ്കർഷിച്ചിരുന്നു. തഹജ്ജുദ് നമസ്കാരം ഒരിക്കലും ഉപേക്ഷിക്കരുതെന്ന കൽപനയും നൽകി. കാണുന്ന സ്വപ്നങ്ങൾ ആരോടും പറയരുതെന്ന കൽപനയും അതിനൊപ്പം നൽകിയിരുന്നു. അക്കാലത്ത് ഞാൻ ധാരാളം സ്വപ്നങ്ങൾ കണ്ടിരുന്നു. അത് ഞാനാരോടും പറഞ്ഞിരുന്നില്ല. കെട്ടിട നിർമാണത്തിന്റെ ജോലിയായിരുന്നു ചെയ്തിരുന്നത്. ജോലി കിട്ടാനില്ലാത്ത കാരണത്താൽ മുർശദിന്റെ അനുമതിയോടു കൂടി ഭാര്യസമേതം അമൃത്സറിലേക്ക് പോയി. അവിടെ ഒരു വാടക വീട്ടിൽ താമസം തുടങ്ങി. അവിടെ തന്നെ ജോലിയും ചെയ്തിരുന്നു. രണ്ട് വർഷങ്ങൾക്ക് ശേഷം ഒരു ദിവസം ഞാൻ തഹജ്ജുദ് നമസ്കരിച്ച് ദിക്റ് ചൊല്ലിക്കൊണ്ടിരിക്കുന്ന വേളയിൽ എനിക്ക് മയക്കം വന്നു. ഞാൻ മുസല്ലയിൽ കിടന്നു. ആകാശത്തിൽ നിന്ന് മനുഷ്യരൂപത്തിലുള്ള മലക്കും ഒരു സൈന്യം എന്റെ ചുറ്റും അൽപം ദൂരെയായി ഇരിക്കുന്നതായി ഞാൻ സ്വപ്നത്തിൽ കാണുന്നു. ജനറലിന്റെ സ്ഥാനം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്റെ സമീപത്ത് വന്നിരുന്നു. അദ്ദേഹം ഇരുന്നപ്പോൾ ആകാശത്ത് നിന്ന് അമൂല്യമായ ഒരു സിംഹാസനം ഇറങ്ങി. ആ കൂട്ടത്തിന്റെ മദ്ധ്യത്തിൽ സിംഹാസനം വെച്ചു. മുഴുവൻ സൈന്യവും ബഹുമതിയോടു കൂടി എഴുന്നേറ്റു നിന്നു. ഞാൻ നോക്കിയപ്പോൾ

ആ അമൂല്യ സിംഹാസനത്തിൽ ഒരേ രൂപത്തിലുള്ള രണ്ട് മാന്യന്മാർ ഇരിക്കുന്നുണ്ടായിരുന്നു. എങ്ങും അവരുടെ പ്രകാശം മാത്രമാണുണ്ടായിരുന്നത്. അപ്പോൾ എന്റെ സമീപത്തുണ്ടായിരുന്ന ഉദ്യോഗസ്ഥനോട് ഞാൻ ചോദിച്ചു, ഇവരാരാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു, സിംഹാസനത്തിന്റെ വലതു ഭാഗത്തുള്ള വ്യക്തി, അല്ലാഹുവിന്റെ പ്രിയപ്പെട്ട മുഹമ്മദ്(സ) ആകുന്നു. ഇടതു ഭാഗത്തുള്ള വ്യക്തി, മുഹമ്മദ്(സ) യുടെ പ്രിയ ഇബ്നു മർയമാണ്. ഞാൻ പറഞ്ഞു, ഇബ്മു മർയം ഇസ്രായേൽ നബിയായ ഹദ്റത്ത് ഈസാ നബി (അ) ന്റെ പേരാകുന്നു. അദ്ദേഹം പറഞ്ഞു, ഇതതല്ല. അദ്ദേഹം മരിച്ചു കഴിഞ്ഞു. ഇത് മുഹമ്മദ്(സ) ന്റെ ഏറ്റവും പ്രിയപ്പെട്ട ഇബ്നു മർയം ആകുന്നു. അതിനു ശേഷം റസൂൽ തിരുമേനി(സ) സ്വന്തം പരിശുദ്ധ വാക്കുകളിൽ ആ ഉദ്യോഗസ്ഥനോട് പറഞ്ഞു, നമ്മുടെ ഈ ഇബ്നു മർയം വരുമ്പോൾ അദ്ദേഹത്തെ അനുസരിക്കേണ്ടത് അനിവാര്യമാണ്. അനുസരിക്കാത്തവർ എന്നിൽ പെട്ടവനല്ലെന്ന് ഉച്ച സ്വരത്തിൽ ജനങ്ങളോട് പറയുക. അതിനിടയിൽ സുബഹി ബാങ്ക് കൊടുത്തു, താങ്കൾ തഹജ്ജുദിന് ശേഷം ഒരിക്കലും ഉറങ്ങിയിട്ടില്ല. എഴുന്നേൽക്കുക. പള്ളിയിൽ നമസ്കാരത്തിനായി പോവുക എന്ന് പറഞ്ഞ് എന്റെ ഭാര്യ എന്നെ ഉണർത്തി. ഞാനപ്പോൾ ഭാര്യയോട് നീയെ ന്നെ എന്തിനാണ് ഉണർത്തിയത് എന്ന് പറഞ്ഞ് ധാരാളം ക്ഷോഭിച്ചു.

അടുത്ത ദിവസം ഞാൻ ഗ്രാമത്തിൽ പോയി. സ്വപ്നത്തിന്റെ എല്ലാ സംഭവങ്ങളും ഞാൻ എന്റെ മുർശദിനെ കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞു, മുഹമ്മദ് റസൂൽ(സ)യെ ദർശിക്കാൻ സാധിച്ച താങ്കൾക്ക് അഭിനന്ദനങ്ങൾ. എന്നിട്ട് പറഞ്ഞു, ഇനി നാം അന്യരുടെ ദേശത്തായിരിക്കും. ഉടൻ ഇബ്നു മർയം ഇറങ്ങുന്നതാണ്. അന്യരുടെ ദേശത്തായിരിക്കുമെന്നും ഉടൻ ഇബ്നു മർയം ഇറങ്ങുമെന്നുമായിരുന്നു ആ സ്വപ്നത്തിന് നൽകിയ വ്യഖ്യാനം. ഈ കാലഘട്ടം മസീഹ് മൗഊദ്(അ) ന്റെ തന്നെ കാലഘട്ടമാകുന്നു. അദ്ദേഹത്തെ പ്രാപിക്കുന്നവർ ഭാഗ്യവാൻമാരാണ്. മുർശിദ് ഈ മറുപടിയാണ് അദ്ദേഹത്തിന് നൽകിയത്.

പറയുന്നു, അതിനു ശേഷം ഞാൻ നദീജല വിഭാഗത്തിൽ മിസ്തിരിയായി ജോലി ചെയ്തു. ആ ജോലി ഒരു ക്ലർക്ക് മുഖേനയായിരുന്നു എനിക്ക് കിട്ടിയത്. ആ ജോലിക്കിടയിൽ ഞാൻ ധാരാളം സ്വപ്നങ്ങൾ കണ്ടു. വിലക്കിയിരുന്ന കാരണത്താൽ - മുർശിദ് സ്വപ്നം ആരോടും പറയരുതെന്ന് വിലക്കിയിരുന്നു - ഞാനതാരോടും പറഞ്ഞിരുന്നില്ല. 15, 20 വർഷത്തോളം ഞാൻ ജോലി ചെയ്തു. പിന്നീട് ജോലി ഉപേക്ഷിച്ച് സ്വഗ്രാമത്തിലെത്തി സ്വന്തം വീട്ടിൽ താമസിക്കാൻ തുടങ്ങി. അപ്പോൾ സ്വന്തം കുടുംബത്തിൽ നിന്ന് ഞങ്ങളുടെ ഉസ്താദും കഠിന അഹ്‌ലെ ഹദീസുമായിരുന്ന മൗലവി മുഹമ്മദ് ചിറാഗ് സാഹിബിനെ അഹ്മദി ത്വരീഖിൽ കണ്ടു. -അതായത് അദ്ദേഹം അഹ്മദിയായിരുന്നു- എന്നോട് ഹദ്റത്ത് സാഹിബിന്റെ ജമാഅത്തിനെ സംബന്ധിച്ച് സംസാരിക്കാൻ തുടങ്ങി. എന്നാൽ ഞാൻ യാതൊരു താത്പര്യവും പ്രകടിപ്പിച്ചില്ല. കാരണം ഞാൻ ഫഖീറുമാരിൽ വിശ്വസിക്കുന്നവനായിരുന്നു. യഥാർത്ഥ ശരീഅത്തിന്റെ ഉടമസ്ഥൻ ഫഖീറാണെന്ന് വിശ്വസിച്ചിരുന്നു. അതുകൊണ്ട് ഞാൻ മൗലവി സാഹിബിന് മറുപടിയൊന്നും നൽകിയില്ല. ഇക്കാലത്ത് ആളുകൾ ഇങ്ങനെയുള്ള കച്ചവടങ്ങൾ തുടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികളെ വഞ്ചിക്കുന്നു എന്ന് പറഞ്ഞു ഒഴിവാക്കി. ഹദ്റത്ത് സാഹിബിന്റെ ഈ വാദം ദൈവീകമാണോ അതോ ചതിയാണോ എന്ന് ഞാൻ എന്റെ മുർശിദിനെ കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിച്ചു. ഞാൻ അദ്ദേഹത്തിന്റെ ഭവനത്തിൽ എത്തി. പീർ സാഹിബിന്റെ മകനോട് ചോദിച്ചു, ഹദ്റത്ത് എവിടെയാണ്? അപ്പോൾ അവൻ കരഞ്ഞു കൊണ്ട് പറഞ്ഞു, അദ്ദേഹം രണ്ട് മാസം മുമ്പ് മരിച്ചു പോയിരിക്കുന്നു. അദ്ദേഹത്തിന്റെ മരണവാർത്ത നിങ്ങളിലേക്കെത്തിക്കാൻ ഞങ്ങൾ മറന്നുപോയി. ക്ഷമിക്കണം. പറയുന്നു, എനിക്ക് വളരെ ദു:ഖം തോന്നി. വേദന അനുഭവപ്പെട്ട് ഞാൻ കരഞ്ഞ് കരഞ്ഞ് വീട്ടിലേക്ക് മടങ്ങി.

വീണ്ടുമൊരിക്കൽ മൗലവി സാഹിബ് എന്നോട് പറഞ്ഞു, നിങ്ങൾ സാക്ഷരനായ വ്യക്തിയാണ്. വിവരമുള്ളവനാണ്. ഹദ്റത്ത് സാഹിബിന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടതാണ്. അതായത് ഹദ്റത്ത് മസീഹ മൗഊദ് (അ) ന്റെ ലിഖിതങ്ങൾ, ഗ്രന്ഥങ്ങൾ വായിക്കേണ്ടതാണ്. അദ്ദേഹം അപ്പോൾ തന്നെ എനിക്ക് ജൽസ മസാഹിബ് മോതിസോ എന്ന ഗ്രന്ഥം വായിക്കാൻ തന്നു. അത് ഞാൻ മുഴുവനും വായിച്ചു. പിന്നീട് അദ്ദേഹം ബറാഹീനെ അഹ്മദിയ്യായുടെ നാല് ഭാഗങ്ങളും നൽകി. അത് ഞാൻ വായിച്ച് തീർന്നപ്പോൾ മുഹമ്മദ് റസൂലുല്ലാഹ്(സ) യ്ക്ക് ശേഷം എല്ലാ അന്യ മതക്കാരെയും ഇസ്ലാമിന്റെ സത്യത്തിലേക്ക് ക്ഷണിക്കുന്ന ഇത്തരത്തിലുള്ള ഒരു യോഗ്യനായ വ്യക്തി ഉണ്ടായിട്ടുമില്ല, നബി(സ) യ്ക്ക് ശേഷം ഇത്തരത്തിലുള്ള ഒരു ഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുമില്ല എന്ന് എന്റെ മനസ്സിൽ തോന്നി.

പറയുന്നു, അതിനു ശേഷം ഞാൻ ചിന്താകുഴപ്പത്തിലായി. ഇത്തരത്തിലുള്ള ഒരു വസ്തു ലോകത്തിന് സമർപ്പിച്ച ഈ വ്യക്തി സത്യവാനാകുകയും ഞാൻ ബയ്അത്ത് ചെയ്യുകയും ചെയ്താൽ ഞാൻ സത്യവാന്റെ ബയ്അത്തു ചെയ്തു എന്ന കാര്യം ഹൃദയത്തിൽ ഉടലെടുക്കാൻ തുടങ്ങി. ഇനി അഥവാ കള്ളവാദിയാണെങ്കിൽ വ്യാജന്റെ ബയ്അത്തിൽ അംഗമാ കും. ഈ ചിന്ത മനസ്സിൽ ശക്തമായി വേരുറച്ചു. രണ്ട് മാസ ത്തോളം അതിൽ ഉറച്ചു നിന്നു. മൗലവി സാഹിബ് എന്നെ എല്ലാ നിലയ്ക്കും പറഞ്ഞ് മനസ്സിലാക്കി. എന്നാൽ മനസ്സ് അനുവദിച്ചില്ല. ഒരിക്കൽ റമദാൻ മാസത്തിലെ ഒന്നാം തിയ്യതി ഞാൻ അല്ലാഹുവിനോട് വളരെ എളിമയോടും വണക്കത്തോടും കൂടി ഇങ്ങിനെ ദുആ ചെയ്തു, അല്ലയോ ആകാശ ഭൂമിയുടെ സ്രഷ്ടാവെ, മുഹമ്മദ്(സ) യെ മുൻ നിർത്തി ക്കൊണ്ട് പറയുന്നു, അഥവാ ഈ വ്യക്തി അതായത് മിർസാ സാഹിബ് സത്യവാനാണെങ്കിൽ നീ നിന്റെ സത്താരീ സിഫത്തിലൂടെ എനിക്കെന്തെങ്കിലും സ്പഷ്ടമായ അടയാളമോ അല്ലെങ്കിൽ സ്വപ്നം മുഖേനയോ കാണിച്ചു തരിക. എനിക്ക് യാതൊരു അടയാളവും കാണിച്ച് തന്നില്ലായെങ്കിൽ ഖിയാമത്ത് നാളിൽ എന്നിൽ യാതൊരു ന്യായവും നിനക്കുണ്ടാവില്ല. കാരണം സത്യവാനെയും വ്യാജനെയും തിരിച്ചറിയാ നുള്ള കഴിവെനിക്കില്ല. 15 റമദാൻ കഴിഞ്ഞപ്പോൾ തഹജ്ജുദ് ശേഷം ഞാൻ മുസല്ലയിൽ കിടക്കുകയായിരുന്നപ്പോൾ ഒരു സ്വപ്നം കണ്ടു, ഞാനും എന്നോടൊപ്പം മറ്റൊരു വ്യക്തിയും ഏതോ പട്ടണത്തിലേക്ക് പോകുന്നു. വഴിയിൽ ഞങ്ങളൊരു പൂന്തോട്ടം കണ്ടു. അതിന്റെ മതിൽക്കെട്ട് 3 അടി ഉയരത്തിലായിരുന്നു. ആ മതിലിനടുത്ത്

ചെന്നപ്പോൾ പൂന്തോട്ടം സ്വർഗ്ഗത്തിന്റെ മാതൃകയായാണ് കണ്ടത്. അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു. എന്നാൽ വെള്ളം വരണ്ടിരിക്കുന്നു. അല്പാല്പമായി ഒഴുകുന്നു. അതിഗംഭീരമായ ബംഗ്ലാവ് കണ്ടു. പൂന്തോട്ടത്തിനിടയിലൂടെ നടക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. അതിനാൽ ഞങ്ങൾ രണ്ടുപേരും മതിൽ ചാടി അടുത്തു കടക്കാൻ ശ്രമിച്ചു. എന്നാൽ ഞങ്ങൾ വളരെ പരിശ്രമിച്ചിട്ടും മതിൽ ചാടി അകത്തു കടക്കാൻ കഴിഞ്ഞില്ല.- നീണ്ട സ്വപ് നമാണ് കേൾപ്പിക്കുന്നത്.- അതിനുശേഷം തീർച്ചയായും അതിനകത്ത് പോകണമെന്ന ഉറച്ച തീരുമാനമെടുത്തു. അതിന്റെ വാതിൽ അന്വേഷിക്കാൻ തുടങ്ങി. തോട്ടത്തിന്റെ മൂന്നു ഭാഗവും കറങ്ങി. അതായത്, തെക്ക്, പടിഞ്ഞാറ്, വടക്ക്. ഈ മൂന്ന് ഭാഗത്തും ഞങ്ങൾ ഒരു വാതിലും കണ്ടില്ല. ഇനി കിഴക്കു ഭാഗത്തേക്ക് പോകാം ഒരുപക്ഷേ അവിടെ വാതിൽ കണ്ടേക്കാം എന്ന് ഞങ്ങൾ പറഞ്ഞു. തോട്ടത്തിന്റെ കിഴക്കു ഭാഗത്തേക്ക് പുറപ്പെട്ടപ്പോൾ ഒരു മാന്യനെ വൃക്ഷത്തണലിൽ ഇരിക്കുന്നതായി കണ്ടു. ആ വ്യക്തി കൈകൊണ്ട് ആംഗ്യം കാണിച്ച് അവരെ വിളിക്കുകയായിരുന്നു. ഇവിടെ വരിക, നാം നിങ്ങൾക്കതിന്റെ വാതില് പറഞ്ഞു തരാം. എന്റടുത്തേക്ക് വരുന്നില്ലായെങ്കിൽ ആയുഷ്കാലം മുഴുവനും നിങ്ങൾക്കീ തോട്ടത്തിലെ വാതിൽ ലഭിക്കില്ല. ഞങ്ങൾ ആ മാന്യന്റെ അടുക്കൽ എത്തിയപ്പോൾ നീണ്ട കാലം മുമ്പ് അമൃതസറിലായിരുന്നപ്പോൾ കണ്ട സ്വപ്നം ഓർമ്മ വന്നു. ഞാൻ മനസ്സിൽ പറഞ്ഞു, ഞാനീ വ്യക്തിയെ സിംഹാസനത്തിൽ നബി(സ) തിരുമേനിയോടൊപ്പം ദർശിച്ചിരുന്നു. അതായത് രണ്ടാമത് കണ്ട വ്യക്തി ഇദ്ദേഹമായിരുന്നു. ഞാൻ ചോദിച്ചു, താങ്കൾ ആരാണ്. പറഞ്ഞു,ഞാൻ ഇബ്നു മർയം ആണ്. അതാ നോക്കുക, തോട്ടത്തിൽ വാതിൽ. പോകുക, ഉലാത്തുക എന്ന ദ്ദേഹം പ്രിതിവചിച്ചു. അങ്ങനെ ഞങ്ങൾ രണ്ടുപേരും തോട്ടത്തിനകത്തെത്തി. നല്ലവണ്ണം ഉലാത്തി. യാദൃശ്ചികമായി എനിക്ക് ദാഹിച്ചു. ഞാനെന്റെ മിത്രത്തോട് പറഞ്ഞു, എനിക്ക് ദാഹിക്കുന്നു. ആ അരുവിയിലെ വെള്ളം വളരെ താഴത്താണ്. കയ്യെത്തുന്നില്ല. എന്തു ചെയ്യും? ഞങ്ങൾ ക്ഷീണിച്ച് വലഞ്ഞ് ആ വൃക്ഷത്തണലിൽ ഇരുന്നു. അൽപസമയ ശേഷം 10, 12 വയസ്സുള്ള ഒരു ആൺകുട്ടി അവിടെ വന്നെത്തി. അദ്ദേഹത്തിന്റെ കയ്യിൽ ഒരു ദീർഘ വൃത്താകൃതിയിലുള്ള പാത്രമുണ്ടായിരുന്നു. അതിലെന്തോ വസ്തു ഉണ്ടായിരുന്നു. അതെന്റെ കയ്യിൽ തന്നു പറഞ്ഞു, ഇത് കുടിക്കുക. എനിക്ക് ദാഹമുണ്ടായിരുന്നു. ഞാനാ പാത്രം വാങ്ങി പകുതി കുടിച്ചു. ബാക്കിയുള്ളത് എന്റെ സുഹൃത്തിന് നൽകി. ആ യുവാവ് അദ്ദേഹത്തിന്റെ കയ്യിൽ നിന്ന് പാത്രം തട്ടിയെടുത്ത് എന്റെ കയ്യിൽ തന്ന് കൊണ്ട് പറഞ്ഞു. ഇത് നിങ്ങളുടെ വിഹിതമാണ്. അയാൾക്ക് -അതായത് സ്വപ്നത്തിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ആൾക്ക്- അതിൽ വിഹിതമില്ല. അപ്പോൾ എന്റെ സുഹൃത്ത് ലജ്ജിതനായിക്കൊണ്ട് പറഞ്ഞു, പോകാം. കുറേ നേരമായി. നമുക്ക് ദൂരെ പോകേണ്ടതാണ്. അങ്ങിനെ ഞങ്ങൾ ധൃതിയിൽ വാതിലിനടുത്തേക്ക് വന്നു. എന്റെ സുഹൃത്ത് പെട്ടെന്ന് തന്നെ വാതിലിലൂടെ പുറത്തേക്കിറങ്ങി. ഞാൻ അകത്തായിരുന്നപ്പോൾ തന്നെ നമ്മുടെ മൗലവി സാഹിബിന്റെ മകൻ വന്നു എന്നെ ഉണർത്തിക്കൊണ്ട് പറഞ്ഞു, എന്താണ് കാര്യം. ഇന്ന് തഹജ്ജുദിന് ശേഷം വിശുദ്ധ ഖുർആൻ പാരായണം ചെയ്യാതെ ഉറങ്ങിയോ? ഞാൻ ദേഷ്യപ്പെട്ടുകൊണ്ട് പറഞ്ഞു, ഞാൻ നല്ലൊരു സ്വപ്നം കാണുകയായിരുന്നു. നീ എന്നെ ഉണർത്തി നല്ലതല്ല ചെയ്തത്. അവൻ മറുപടി പറഞ്ഞു. അല്ലാഹുവിന്റെ അടിയാറേ, സുബ്ഹി ബാങ്ക് കൊടുത്തു. മൗലവി സാഹിബ് പള്ളിയിൽ ജമാഅത്തായി നമസ്കരിക്കുന്നതിന് പ്രതീക്ഷിച്ച് നിൽക്കുകയായിരിക്കും. വരൂ നമസ്കരിക്കാം.

പറയുന്നു, അങ്ങിനെ ഞങ്ങൾ രണ്ടു പേരും പള്ളിയിലേക്ക് പോയി. വുളു എടുത്ത് മൗലവി സാഹിബിനോടൊപ്പം ജമാഅത്തായി നമസ്കരിച്ചു. നമസ്കാര ശേഷം ഞാൻ സ്വപ്നത്തിലെ എല്ലാ കാര്യങ്ങളും, അതായത് അല്ലാഹുവിനോട് എങ്ങിനെയുള്ള ദുആയാണ് ചെയ്തതെന്നും, എങ്ങിനെയാണ് അല്ലാഹു സ്വപ്നത്തിലൂടെ എനിക്ക് അവസ്ഥകൾ വിവരിച്ച് തന്നതെന്നും എല്ലാം തന്നെ ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു. ഈ രണ്ട് സ്വപ്നങ്ങളിലല്ലാതെ അതിനു മുമ്പൊരിക്കലും ഞാൻ മിർസാ സാഹിബിനെ കണ്ടിരുന്നില്ല എന്നതും വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഞാൻ ഖാദിയാനിൽ പോയിട്ടുമുണ്ടായിരുന്നില്ല.

പ്രസ്തുത സ്വപ്നം വിവരിച്ചപ്പോൾ അതിന്റെ വ്യാഖ്യാനമായി മൗലവി സാഹിബ് പറഞ്ഞു, നിങ്ങൾ കണ്ട ഉദ്യാനവും, വരണ്ട അരുവികളും, ബംഗ്ലാവും കൊണ്ടുദ്ദേശിക്കുന്നത് ശരീഅത്തിന്റെ ഉദ്യാനമാണ്. അരുവികൾ കൊണ്ടുദ്ദേശിക്കുന്നത് ഉണങ്ങി വരണ്ട കാലഘട്ടത്തിലെ ഉലമാക്കളാണ്. അവരുടെ പക്കൽ ഒരറിവും ഇല്ല. യഥാർത്ഥ ശരീഅത്ത് അവരുടെ പക്കലില്ല. ബംഗ്ലാവ് കർമങ്ങളാകുന്നു. പാത്രം കൊണ്ടുദ്ദേശിക്കുന്നതും കർമ്മങ്ങളാകുന്നു. അതിൽ അൽപം ന്യൂനതയുണ്ട്. ദീർഘ വൃത്താകൃതിയിലാണ്. അതായത് നേരെയല്ല. സ്വപ്നത്തിൽ കിഴക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ ഗ്രാമത്തിൽ നിന്ന് ഖാദിയാൻ കൃത്യം കിഴക്ക് ഭാഗത്താണെന്നാണ്. ആ മാന്യ വ്യക്തി കിഴക്കിറങ്ങും. ഹദീസിന്റെ ഉദ്ധരണിയാണ് ഉദ്ദേശ്യം. നിങ്ങൾ വർണ്ണിച്ച ആ മാന്യ വ്യക്തി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് മസീഹ് മൗഊദ് മഹ്ദീ മൗഊദ് ആകുന്നു. ഏതുവരെ നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നില്ലയോ, അതുവരെ ഇസ്ലാമിന്റെ ശരീഅത്തിനെയും സ്വർഗ്ഗത്തിന്റെ കവാടങ്ങളെയും കുറിച്ച് നിങ്ങൾക്ക് അറിവ് ലഭിക്കില്ല എന്നതാണ് കൈ കൊണ്ടുള്ള ആംഗ്യം പറയുന്നത്. നിങ്ങൾ അടയാളം ചോദിച്ചു, അല്ലാഹു നിങ്ങൾക്ക് അടയാളം നൽകി. പിന്നീട് അദ്ദേഹം പറഞ്ഞു, ജുമുഅ ദിവസം ഞങ്ങൾ ഖാദിയാനിൽ പോകുന്നതാണ്. താങ്കളും ഞങ്ങളോടൊപ്പം വരിക. അഥവാ നിങ്ങളുടെ സ്വപ്നമനുസരിച്ച് ആ വ്യക്തി മിർസാ സാഹിബാണെങ്കിൽ വിശ്വസിക്കുക. അല്ലെങ്കിൽ യാതൊരു നിർബന്ധവുമില്ല. അങ്ങനെ ഞങ്ങൾ വ്യാഴാഴ്ച ഖാദിയാനിലേക്ക് പുറപ്പെട്ടു. ഞങ്ങൾ ഖാദിയാനിൽ എത്തിയപ്പോൾ എനിക്ക് കഠിനമായ പനി ബാധിച്ചു. മൗലവി സാഹിബ് ഹദ്റത്ത് സാഹിബിനോട് അപേക്ഷിച്ചു, സത്യാന്വേഷണത്തിനായി ഇവിടെയെത്തിയ ഞങ്ങളുടെ യുവാവിന് പനി പിടിച്ചിരിക്കുന്നു. അവൻ നോമ്പിലാണ്. ഹദ്റത്ത് സാഹിബ് എന്നെ നോക്കിക്കൊണ്ട് പറഞ്ഞു, മൗലവി സാഹിബ് താങ്കൾ ഇദ്ദേഹത്തെ നോമ്പു പിടിച്ചുകൊണ്ട് യാത്രചെയ്യാൻ എന്തിനാണനുവദിച്ചത്? വഴിയിൽ പനിയോ മറ്റെന്തെങ്കിലും രോഗമോ വന്നിരുന്നെങ്കിൽ താങ്കളെന്ത് ചെയ്തേനെ? ഇത് വിശുദ്ധ ഖുർആന്റെ ഇച്ഛയ്ക്ക് വിരുദ്ധമാണ്. ഏതായാലും നാം മരുന്ന്

കൊടുത്തയക്കാം إِنْ شَآءَ اللّٰهُ ഭേദമാകുന്നതാണ്. മരുന്ന് വന്നു. ഹാമിദലി സാഹിബാണ് കൊണ്ടു വന്നതെന്ന് തോന്നുന്നു. ഞാൻ മരുന്ന് കുടിച്ചു. പനി എന്നിൽ നിന്നും വിട്ടകന്നു.

അന്നേരം പനിയുടെ ആലസ്യത്തിൽ മിർസാ സാഹിബിന്റെ മുഖം ഞാൻ നല്ലപ്പോലെ കണ്ടില്ല. അടുത്ത ദിവസം ജുമുഅ ആയിരുന്നു. വുളുവെടുത്ത് ധൃതിയിൽ മുന്നിൽ സ്ഥലം ലഭിക്കാനായി നേരത്തെ എത്തിച്ചേർന്നു. ആദ്യ സഫ്ഫിൽ തന്നെ ഇടം ലഭിച്ചു. ആദ്യം മൗലവി അബ്ദുൽ കരീം സാഹിബ് അതിനു ശേഷം മൗലവി സാഹിബ് ഖലീഫ അവ്വൽ എത്തിച്ചേർന്നു. അതിനു ശേഷം ഹദ്റത്ത് മിർസാ സാഹിബ് ആഗതരായി. കണ്ടപ്പോൾ തന്നെ ഞാൻ തിരിച്ചറിഞ്ഞു. ഇതാണ് എന്റെ സ്വപ്നത്തിലുള്ള മാന്യ വ്യക്തി. രണ്ടു തവണ സ്വപ്നത്തിൽ കണ്ട ഇബ്നു മർയം ഇതേ വ്യക്തി തന്നെയാണെന്ന്. ഞാൻ എന്റെ മൗലവി സാഹിബിനോടും പറഞ്ഞു. അപ്പോൾ മൗലവി സാഹിബ് സംതൃപ്തനായി. ഇദ്ദേഹം ഇപ്പോൾ സ്വയം ബയ്അത്ത് ചെയ്യുമെന്ന് ധരിച്ചു. ഖാദിയാനിലേക്ക് പുറപ്പെട്ട സമയത്ത് ഞങ്ങൾ 4 പേരായിരുന്നു. ഒന്ന് ഞാൻ, രണ്ട് മൗലവി സാഹിബ്, മൂന്നാമത്തേത് സ്വപ്നത്തിൽ എന്നോടൊപ്പമുണ്ടായിരുന്ന വ്യക്തി, നാലാമത്തേത് ബയ്അത്തിനായി വന്നതൊരു കുശവനായിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബ് ഖുത്വുബ നൽകി, ജുമുഅയും അദ്ദേഹം നമസ്കരിപ്പിച്ചു. നമസ്കാര ശേഷം ബയ്അത്ത് ചെയ്യേണ്ടവർ വന്ന് ബയ്അത്ത് ചെയ്യുക എന്ന വിളംബരവും ഉണ്ടായി. അന്ന് ധാരാളം പേർ ബയ്അത്തിനായി വന്നിരുന്നു. അതിൽ ഞങ്ങളോടൊപ്പം നാലാമനായി വന്ന കുശവനും ഉണ്ടായിരുന്നു. ഞങ്ങൾ ബയ്അത്ത് ചെയ്യാനായി പുറപ്പെട്ടപ്പോൾ സ്വപ്നത്തിലും എന്നോടൊപ്പമുണ്ടായിരുന്ന സഹയാത്രികൻ ബയ്അത്ത് ചെയ്യുന്നതിൽ നിന്നും എന്നെ തടഞ്ഞു. മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ വായിച്ചു കൊണ്ടിരുന്നതിനാൽ ആ ചിന്തകളാണ് രൂപധാരണം നടത്തി സ്വപ്നത്തിൽ ദൃശ്യമായത് അല്ലാതൊന്നുമല്ല. സ്വപ്നം തെറ്റാണ് എന്നെ സന്ദേഹം എന്റെ മനസ്സിലിട്ടു. ഇതെല്ലാം ചതിയാണെന്നും പറഞ്ഞു. ഞാൻ മാനസികമായി ദുർബലനായിരുന്നു. അതായത് മറ്റുള്ളവരുടെ സംസാരത്തിൽ അകപ്പെട്ടു പോകുമായിരുന്നു. അതിനാൽ അയാൾ എന്നെ ബയ്അത്ത് ചെയ്യുന്നതിൽ നിന്നും വിലക്കി.

അടുത്ത ദിവസം ഞങ്ങൾ നാലു പേരും ഖാദിയാനിൽ നിന്ന് സ്വഗ്രാമത്തിലേക്ക് തിരിച്ചു. ബട്ടാലക്കപ്പുറം അലിവാലിലേക്കുള്ള റോഡ് പോകുന്നിടത്ത് മോലേവാലി ഗ്രാമത്തിനടുത്ത് എത്തിയപ്പോൾ മൗലവി സാഹിബ് എന്നോട് ചോദിച്ചു, നീ ബയ്അത്ത് ചെയ്തോ? ഞാൻ പറഞ്ഞു, ഇല്ല. അദ്ദേഹം ചോദിച്ചു, എന്തുകൊണ്ടാണ് ചെയ്യാതിരുന്നത്? നിന്റെ സ്വപ്നമനുസരിച്ച് എല്ലാം പൂർത്തിയായതാണല്ലോ. എന്നിട്ടും എന്തുകൊണ്ട് ബയ്അത്ത് ചെയ്തില്ല? ഞാൻ മറുപടിയായിക്കൊണ്ട് പറഞ്ഞു, ഈ വ്യക്തി എന്നെ വിലക്കിക്കൊണ്ട് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ കണ്ട് ആ ചിന്തകൾ രൂപധാരണം ചെയ്തു അതേപ്പോലെ സ്വപ്നത്തിൽ വന്നതല്ലാതെ മറ്റൊന്നുമല്ല എന്ന് പറഞ്ഞു. അതുകേട്ടപ്പോൾ മൗലവി സാഹിബ് ഞങ്ങൾ രണ്ടുപേരോടും ദേഷ്യപ്പെടാൻ തുടങ്ങി. അവർ എളാപ്പയും സഹോദരനുമാരായിരുന്നു. എന്നോട് പറഞ്ഞു, നമ്മുടെ ബന്ധം ഉസ്താദും ശിഷ്യനും എന്നുള്ളതായിരുന്നു. കുടുംബ ബന്ധമില്ല. അസർ നമസ്കാരത്തിനടുത്ത് ഞങ്ങൾ ഗ്രാമത്തിൽ എത്തി.

അതിനു ശേഷം ഞാൻ നാലഞ്ച് ദിവസം ഗ്രാമത്തിൽ കഴിച്ചുകൂട്ടി. എന്നാൽ മൗലവി സാഹിബ് ദേഷ്യത്തിൽ തന്നെയായിരുന്നു. യാദൃശ്ചികമായി ഭാമടി എന്ന സ്ഥലത്ത് നിന്ന് ബാബു ജാൻ മുഹമ്മദിന്റെ കത്ത് എനിക്ക് വന്നു. സ്ഥലമാറ്റം കിട്ടിക്കൊണ്ട് ഹർച്ച് വാൾ നദിയുടെ ബംഗ്ലാവിൽ എത്തിയിരിക്കുന്നു. എന്റെ അടുക്കൽ ധാരാളം ജോലിയുണ്ട്. നിങ്ങൾ ജോലി ഉപേക്ഷിച്ച് വന്നിരിക്കുകയാണെന്ന് ഞാനറിഞ്ഞു. അതിനാൽ കത്ത് കിട്ടിയ ഉടൻ ഭാമടിയിലോ അല്ലെങ്കിൽ ഹർച്ച് വാൾ നദീ ബംഗ്ലാവിലോ എത്തുക എന്ന് എഴുതിയിരുന്നു. എന്റെ മനസ്സും ഉദാസീനമായിരുന്നു. കത്ത് കിട്ടിയതിന്റെ അടുത്ത ദിവസം ഖാദിയാവ് വഴി ഹർച്ച്വാൾ നദിയുടെ ബംഗ്ലാവിൽ എത്തി. ബാബുസാഹിബ് പുഞ്ചിരിച്ചു കൊണ്ട് എന്നെ സ്വീകരിച്ചു. അടുത്ത ദിവസം എനിക്ക് ജോലി തന്നു. ഞാനതിൽ വ്യാപൃതനായി. മൂന്നാമത്തെ ദിവസം ഞാൻ മൂന്നാമതൊരു സ്വപ്നം കണ്ടു. അതിപ്രകാരമായിരുന്നു. സ്വപ്നത്തിൽ ഹദ്റത്ത് മിർസാ സാഹിബ് മസീഹ് മൗഊദ്(അ) എന്റെ അടുത്ത് വന്നിരിക്കുന്നു. ഞാൻ സിംഹാസനരൂഢ ർക്കു മുന്നിൽ ആചാരമനുസരിച്ച് ചെയ്യുന്നതു പോലെ ബഹുമാനത്തോടെ എഴുന്നേറ്റ് നിന്ന് കാലു തൊട്ടു വന്ദിക്കാൻ കുനിഞ്ഞു. എന്നാൽ ഹദ്റത്ത് സാഹിബ് സ്വന്തം പരിശുദ്ധ കൈകൾ കൊണ്ടെന്നെ തടഞ്ഞു. എന്നിട്ട് പറഞ്ഞു, ഇത് ശിർക്കാണ്. പിന്നീട് അദ്ദേഹം പറഞ്ഞു, നോക്കുക ഫള്ലുദ്ദീൻ, നിങ്ങൾ അല്ലാഹുവിനോട് അടയാളം ചോദിച്ചിരുന്നു. എനിക്ക് സ്പഷ്ടമായ നിലയിലോ സ്വപ്നത്തിലൂടെയോ അടയാളം നൽകിയില്ലായെങ്കിൽ ഖിയാമത്ത് നാളിൽ മസീഹ് മൗഊദിനെ എന്തുകൊണ്ടു വിശ്വസിച്ചില്ല എന്ന കാര്യത്തിൽ എന്റെ മേൽ യാതൊരു ന്യായവും നിനക്ക് ഉണ്ടായിരിക്കുന്നതല്ല. .

ഇപ്പോൾ നിനക്ക് അടയാളം ലഭിച്ചു. നിന്നിൽ ന്യായം പൂർത്തിയായി. ഇത്രയും പറഞ്ഞ് ആ മഹാത്മാവ് പുറപ്പെട്ടു. ഞാൻ സ്വപ്നത്തിൽ നിന്നുണർന്നു കരയാൻ തുടങ്ങി. കണ്ണുനീരിനാൽ എന്റെ കുപ്പായത്തിന്റെ കോളർ നനഞ്ഞു കുതിർന്നു. അന്നേരം തന്നെ ഞാൻ ബാബു സാഹിബിനെ അറിയിക്കാതെ നഗ്നപാദനായി ഖാദിയാനിലേക്ക് കുതിച്ചു. ഞാൻ ഓടുന്നത് കണ്ട് ഒരു വ്യക്തി ബാബു സാഹിബിനോട് പോയി പറഞ്ഞു, മിസ്തിരി സാഹിബ് സ്വന്തം ഗ്രാമത്തിലേക്ക് ഓടുകയാണ്. അപ്പോൾ തന്നെ ബാബു സാഹിബ് കുതിരപ്പുറത്ത് കയറി എന്നെ പിന്തുടർന്നു. ഹർച്ച് വാൾ പാലത്തിനടുത്ത് എന്നെ തടഞ്ഞ് ചോദിച്ചു. എന്തു പറ്റി? അനുമതിയില്ലാതെ സ്വന്തം ഗ്രാമത്തിലേക്ക് ഓടിപ്പോകുകയാണോ? എന്തെങ്കിലും പ്രശ്നമുണ്ടോ? ഞാൻ പറഞ്ഞു. എന്നെ വിട്ടേക്കുക. ഞാൻ ഖാദിയാനിലേക്ക് പോകുകയാണ്, ഗ്രാമത്തിലേക്കല്ല. ഖാദിയാന്റെ പേരു കേട്ടപ്പോൾ തന്നെ അയാൾ കോപത്താൽ വിറക്കാൻ തുടങ്ങി. കാരണം അയാളും വിരോധിയായിരുന്നു. ഇപ്പോഴും വിരോധി തന്നെയാണ്.

അയാൾ വിടുന്നുണ്ടായിരുന്നില്ല. ഞാൻ വാശിപ്പിടിക്കുകയായിരുന്നു. ഞാൻ സൗമ്യമായി പറഞ്ഞു, സാഹിബ് എന്നെ പോകാനനുവദിക്കുക. അല്ലെങ്കിൽ ഞാനിവിടെ തന്നെ മരിക്കും. കാരണം ഇതെന്റെ വരുതിയിലല്ല. ഒരു ശക്തനായ അസ്ഥിത്വം എന്നെ ബലാൽകാരമായി കൊണ്ടുപോകുക

യാണ്. മൂന്നുദിവസത്തിനു ശേഷം ഞാനിവിടെ സന്നിഹിതനായിക്കൊള്ളാം എന്ന് ഉറപ്പ് നൽകുന്നു. അങ്ങനെ അയാൾ എന്നെ വിട്ടു. മിർസാ സാഹിബ് സത്യവാനാണെന്ന് ഞാൻ മനസ്സിൽ പറഞ്ഞുകൊണ്ടിരുന്നു. എന്റെ മനസ്സിലെ കാര്യം വെളിപ്പെടുത്തി. നിന്നിൽ ന്യായം പൂർത്തിയായി. അങ്ങിനെ ഞാൻ ഖാദിയാനിൽ എത്തി. ഇപ്പോൾ അവിടെയുള്ള ഗ്രന്ഥ ഡിപ്പോയുടെ പിന്നിൽ പ്രസ്സായിരുന്നു, കിണറിനടുത്ത്. അവിടെ മിർസാ ഇസ്മയിൽ പ്രസ്സിൽ ജോലി ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹത്തോട് പറഞ്ഞു, എനിക്ക് മിർസാ സാഹിബിനെ കാണണം. അദ്ദേഹം പറഞ്ഞു. ളുഹർ നമസ്കാരസമയത്ത് അദ്ദേഹം മസ്ജിദ് മുബാറക്കിൽ എത്തും. അവിടെ വെച്ച് കാണുക. അന്ന് ളുഹറിന് മസീഹ് മൗഊദ്(അ) വന്നില്ല. മഗ്‌രിബിന്റെ സമയത്ത് വന്നെത്തി. എനിക്ക് ദർശനം ലഭിച്ചു. പറഞ്ഞു, ഹുസൂർ എനിക്ക് ബൈഅത്ത് ചെയ്യണം. ഹുസൂർ പറഞ്ഞു. മൂന്നു ദിവസത്തിനു ശേഷം ബൈഅത്ത് വാങ്ങുന്നതാണ്. അങ്ങിനെ ഞാൻ മൂന്നു ദിവസം തങ്ങി. മൂന്നാം ദിവസം ഞാനും മീർ ഖാസിം അലി സാഹിബ് എഡിറ്റർ ഫാറൂഖും മൂന്നാമത് മറ്റൊരാളും ഉണ്ടായിരുന്നു. പേരെനിക്ക് അറിയില്ല. ഒരു പക്ഷേ മൗലവി സർവർ ശാഹ് സാഹിബ് ആയിരിക്കും ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു.

ഇങ്ങനേയും അല്ലാഹു ജനങ്ങളെകൊണ്ട് ബൈഅത്ത് ചെയ്യിപ്പിക്കുമായിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, നമ്മുടെ തബ്‌ലീഗിന്റെ ധാരാളം പണികൾ മലക്കുകൾ ചെയ്യുന്നുണ്ട്. അല്ലാഹു ഈ എല്ലാ സഹാബാക്കളു ടേയും പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ തലമുറകൾക്ക് പൂർവ്വികരുടെ നന്മ നിലനാട്ടുന്നതിനുള്ള തൗഫീഖ് നൽകട്ടെ.

ഇപ്പോൾ ഞാൻ ഒരു ശഹീദിനെകുറിച്ചും പരാമർശിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ജനാസയും ജുമുഅക്ക് ശേഷം നമസ്കരിപ്പിക്കുന്നതാണ്, ഇൻശാഅല്ലാഹ്. ഇത് ബഹുമാന്യ ചൗധരി നുസ്‌റത്ത് മുഹമ്മദ് സാഹിബിന്റേതാണ്. അദ്ദേഹം ചൗധരി മൻസൂർ അഹ്മദ് സാഹിബ് ഗുംധലിന്റെ മകനാണ്. അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലം ഇപ്രകാരമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യാ ജമാഅത്ത് പ്രവേശിച്ചത് ഹദ്‌റത്ത് ചൗധരി ഇനായത്തുല്ല സാഹിബ്(റ) മുഖേനയാണ്. അദ്ദേഹം മസീഹ് മൗഊദ്(അ) ന്റെ സഹാബിയായിരുന്നു. അദ്ദേഹം ശഹീദ് മർഹൂമിന്റെ പിതാമഹൻ ചൗധരി ഇഖ്‌ലാസ് അഹ്മദ് സാഹിബിന്റെ കസിൻ ആയിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ശ്രമഫലമായി ചൗധരി ഇഖ്‌ലാസ് അഹ്മദ് സാഹിബും ഒന്നാം ഖിലാഫത്ത് കാലത്ത് ബൈഅത്ത് ചെയ്തു. സിയാൽക്കോട്ട് ജില്ലയിൽ സാഹി വാൽ പൂറുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ കുടുംബ ബന്ധം. ചൗധരി നുസ്‌റത്ത് സാഹിബ് ഒരു നീണ്ടകാലം ഏകദേശം 30 വർഷക്കാലത്തോളം മണ്ഡിബഹാവുദ്ദീനിൽ താമസിച്ചു. 2008 ൽ ഭാര്യയും ചെറുമകളോടുമൊപ്പം ലോങ്ങ് ഐലന്റ് ന്യൂയോർക്ക്, അമേരിക്കയിലെത്തി. അവിടത്തെ പൗരത്വം കരസ്ഥമാക്കി.

നുസ്‌റത്ത് മുഹമ്മദ് സാഹിബ് 1949 മാർച്ച് 6ന് സിയാൽക്കോട്ട് ജില്ലയിലെ ബഹാവൽപൂറിൽ ജനിച്ചു. പിന്നീട് മരി കോളേജ് സിയാൽക്കോട്ടിൽ നിന്നും ഗ്രാജുവേഷൻ കരസ്ഥമാക്കി. പിന്നീട് മണ്ഡിബഹാവുദ്ദീനിലെ പഞ്ച സാരമില്ലിൽ ജോലി നോക്കി. ഏകദേശം 35 വർഷത്തോളം മനേജരായി അവിടെ ജോലി ചെയ്തു. പിന്നീട് അമേരിക്കയിലേക്ക് താമസമാക്കി. അദ്ദേഹം സെപ്റ്റംബറിൽ തന്റെ ചെറിയ മകൾ ശാഹിദ മഹ്മൂദ സാഹിബയുടെ വിവാഹ സംബന്ധമായി അമേരിക്കയിൽ നിന്ന് പാകിസ്ഥാനിൽ എത്തിയതായിരുന്നു. 2012 ഒക്ടോബർ 5ന് ശാഹിദ മഹ്മൂദ സാഹിബയുടെ വിവാഹം നടന്നു. വിവാഹത്തിനു ശേഷം മൂന്നാം ദിവസം ശഹീദാക്കപ്പെട്ട സഅദ് ഫാറൂഖ് ശഹീദുമായി. അദ്ദേഹം ഫാറൂഖ് അഹ്മദ് സാഹിബ് കാഹിലുവാന്റെ മകനായിരുന്നു. ഒക്ടോബർ 19ന് ജുമുഅ ദിവസം സഅദ് ഫാറൂഖിന്റെ ജനാസ സമയത്ത് ഞാൻ പറഞ്ഞതുപോലെ സഅദ് ഫാറൂഖ് സാഹിബ് ശഹീദും ഫാറൂഖ് കഹിൽവാൽ സാഹിബും മറ്റ് ചില കുടുംബക്കാരുമായി ബയ്ത്തുൽ ഹംദ് ബൽദിയ ടൗണിൽ നിന്നും ജുമുഅ നമസ്കാര ശേഷം വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അപ്പോൾ അജ്ഞാതരായ ആളുകൾ വന്ന് വെടി വെച്ചു. മോട്ടോർ സൈക്കിളിലായിരുന്ന സഅദ് ഫാറൂഖ് സാഹിബ് സംഭവസ്ഥലത്ത് തന്നെ ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ ജനാസ രണ്ടുമൂന്നു ആഴ്ച മുമ്പ് നമസ്കരിക്കുകയുണ്ടായി. മറ്റ് രണ്ടുപേർക്ക് പരിക്കേറ്റിരുന്നു. ഒരു വെടിയുണ്ട ചൗധരി നുസ്‌റത്ത് സാഹിബിന്റെ കഴു ത്തിൽ തറച്ചു. മറ്റൊരു വെടിയുണ്ട അദ്ദേഹത്തിന്റെ നെഞ്ചിൽ തറച്ചിരുന്നു. ഉടൻ തന്നെ അദ്ദേഹത്തെ ആശുപത്രിയിലേക്ക് എത്തിച്ചു. ആദ്യം അബാസി സിവിൽ ഹോസ്പിറ്റലിലായിരുന്നു. പിന്നീട് ആഗാഖാനിലേക്ക് മാറ്റി. 38 ദിവസത്തോളം ചികിൽസയിലായിരുന്നു. അവസാനം പരിക്ക് ഗുരുതരമാകുകയും നവംബർ 27ന് ചൊവ്വാഴ്ച രാത്രി 11 മണിക്ക് തന്റെ യഥാർത്ഥ നാഥന്റെ അടുത്തേക്ക് യാത്രയായി. ശഹാദത്തിന്റെ പദവി കരസ്ഥമാക്കി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ ശഹീദ് മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

അദ്ദേഹത്തിന് ദീനി സേവനത്തിനുള്ള അമിതമായ താത്പര്യമുണ്ടായിരുന്നു. മണ്ഡിബഹാവുദ്ദീനിൽ ഉണ്ടായിരുന്ന സമയത്ത് അദ്ദേഹത്തിന് സെക്രട്ടറി രിശ്ത നാത, സെക്രട്ടറി ദഅ്‌വത്തെ ഇലല്ലാഹ്എന്നിവ കൂടാതെ മറ്റ് ഭാരവാഹിത്വത്തിലും സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. 2008 ൽ അമേരിക്കയിലേക്ക് താമസമാക്കിയതിനു ശേഷം ലോങ്ങ് ഐലന്റ് ന്യൂയോർക്ക് അമേരിക്കയിൽ അദ്ദേഹത്തിന് സെക്രട്ടറി തർബിയ്യത്തായും സേവനത്തിനുള്ള തൗഫീഖ് ലഭിച്ചിരുന്നു. മർഹൂം അങ്ങേയറ്റം ആത്മാർത്ഥതയുടേയും സത്യസന്ധതയുടേയും ഉടമസ്ഥനായിരുന്നു. ജോലി ചെയ്തിരുന്ന സ്ഥലത്തു നിന്ന് ഒരിക്കൽ ഹോണസ്റ്റി അവാർഡും ലഭിച്ചിരുന്നു. ഖിലാഫത്തുമായി ഉറ്റ ബന്ധമായിരുന്നു. എല്ലാ പദ്ധതികളിലും മുൻകടന്ന് പങ്കാളിയാകുമായിരുന്നു. ദഅ്‌വത്തെ ഇലല്ലായുടെ പരിപാടികളിൽ സ്വയം പങ്കെടുക്കാൻ കഴിഞ്ഞില്ലെ ങ്കിൽ സ്വന്തം വാഹനം മറ്റുള്ളവർക്ക് നൽകുമായിരുന്നു. പ്രതിഫലത്തിൽ പങ്കാളിയാകുന്നതിനായി.

അദ്ദേഹത്തിന്റെ മകൻ കാശിഫ് അഹ്മദ് ദാനിശ് അദ്ദേഹത്തെ സംബന്ധിച്ച് എഴുതുന്നു, ഞാൻ എന്റെ പിതാവിനെ അത്യധികം വാൽസല്യവും സ്നേഹവും ഉള്ള വ്യക്തിയായി കണ്ടിരുന്നു. ചെറുപ്പം മുതൽ യുവത്വം വരെ കുട്ടികളെ വളരെയധികം ശ്രദ്ധിച്ചു. വിദ്യാഭ്യാസം നൽകാനും ഉന്നതധാർമ്മിക ഗുണങ്ങൾക്കുള്ള ശിക്ഷണം നൽകുന്നതിനും എപ്പോഴും ശ്രമിച്ചിരുന്നു. സംഭാഷണം ഉന്നതവും രീതി സൗമ്യവും ആയിരുന്നു. ഒരിക്കലും കുട്ടികളെ നീയെന്ന് സംബോധന ചെയ്തി

ട്ടില്ല. മറിച്ച് താങ്കൾ എന്ന് പറഞ്ഞാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ മകൻ പറയുന്നു, എന്നെ ജമാഅത്തിന്റെ പ്രവർ നങ്ങളിൽ വളരെയധികം പ്രോത്സാഹിപ്പിക്കുമായിരുന്നു. അഹ്മദിയ്യാ ഖിലാഫത്തുമായി ഒരു സുദൃഢബന്ധത്തിന് ഉപദേശിക്കുമായിരുന്നു. വീട്ടിലെത്തിയാൽ ഏറ്റവും ആദ്യം കുട്ടികളോട് നമസ്കാരത്തെകുറിച്ച് ചോദിക്കുമായിരുന്നു. എന്തെങ്കിലും കാരണത്താൽ നമസ്കരിച്ചിട്ടില്ലെങ്കിൽ ഉടൻ നമസ്കരിക്കാനായി പറയുമായിരുന്നു. കുട്ടിക്കാലത്ത് ജമാഅത്തായ നമസ്കാരത്തിനായി കൂടെ കൊണ്ടുപോകുമായിരുന്നു. ജോലി സമയത്തോ യാത്രയിലോ എവിടെയായിരുന്നാലും നമസ്കാരത്തിനായി പ്രത്യേക സംവിധാനം ചെയ്യുമായിരുന്നു. ആരോടും കഠിനമായി സംസാരിച്ചിട്ടില്ല. എപ്പോഴും ധാർമ്മിക ഗുണത്തെ സംബന്ധിച്ചുള്ള പാഠം നൽകുമായിരുന്നു. അദ്ദേഹത്തിന്റെ സൗമ്യതയാലും എളിയ വാക്കുകളാലും എല്ലാ വരും പെട്ടെന്ന് ആകർഷിതരാകുമായിരുന്നു. മർഹൂമിന്റെ ഭാര്യ ഇപ്പോൾ അമേരിക്കയിൽ സ്ഥിരതാമസമാണ്. ഇവിടെ വന്നിരുന്നു, എന്നാൽ പിന്നീട് സുഖമില്ലാതായപ്പോൾ മടങ്ങിപ്പോയി. അവരും ചികിൽസയിലാണ്. ദുആ ചെയ്യുക, അല്ലാഹു അവർക്ക് സൗഖ്യം നൽകട്ടെ. അദ്ദേഹത്തിന്റെ മകൻ കാശിഫ് അഹ്മദ് ദാനിശ് കാനഡയിലാണ് താമസം. അവിടെ കാനഡയുടെ നാഇബ് സദർ ഖുദ്ദാമുൽ അഹ്മദിയ്യായായി സേവനം ചെയ്യുന്നു. മർഹൂമിന് മൂന്നു പെൺകുട്ടികളായിരുന്നു. ഏറ്റവും ചെറിയ മകൾ സഅദ് ഫാറൂഖ് സാഹിബിന്റെ വിധവയാണ്.

മണ്ഡിബഹാവുദ്ദീനിൽ അദ്ദേഹം 11 വർഷത്തോളം മുറബ്ബിയായിരുന്ന മുറബ്ബി സാഹിബ് മിറേശ്യം സാഹിബ് പറയുന്നു, അദ്ദേഹത്തോടൊപ്പം 11 വർഷം പ്രവർത്തിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. പഞ്ചസാരമില്ലിലെ വകുപ്പ് മേധാവിയായിരുന്നു. അവിടെ സയീം അൻസാറുല്ലായും സെക്രട്ടറി രിശ്താ നാതയായും ആയിരുന്നു. ബൈത്തുദിക്ർ, ഗസ്റ്റ് ഹൗസ്, മുറബ്ബിഹൗസ് എന്നിവയുടെ മേൽനോട്ട കമ്മിറ്റിയുമായിരുന്നു. അഞ്ച്നേര നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുമായിരുന്നു. പിന്നീട് ഭക്ഷണം കഴിച്ച് ഓഫീസിൽ പോകുമായിരുന്നു. ളുഹർ നമസ്കാരത്തിനും ഓഫീസിൽ നിന്ന് ആദ്യം നമസ്കരിക്കുമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. മുറബ്ബിഹൗസ് പള്ളിയോട് ചേർന്നായിരുന്നു ഉണ്ടായിരുന്നത്. മുറബ്ബി സാഹിബ് പറയുന്നു, ഏകാന്തതയിൽ ആരാധന നടത്തുവാനായി തോന്നുമ്പോഴെല്ലാം തന്നെ അതിനായി ശ്രമിക്കുമായിരുന്നു. എന്നാൽ ഞാൻ സുബ്ഹിക്ക് മുമ്പായി പള്ളിയിൽ പോയി നമസ്കരിക്കാൻ ആഗ്രഹിച്ചപ്പോഴെല്ലാം തന്നെ നുസ്റത്ത് മുഹമ്മദ് സാഹിബിനെ അവിടെ കണ്ടിരുന്നു. അല്ലാഹുവിന്റെ സന്നിധിയിൽ കരഞ്ഞു കരഞ്ഞ് ദുആ ചെയ്യുമായിരുന്നു. തന്റെ വരുമാനമനുസരിച്ച് ശരിയായ ബജറ്റ് എഴുതിക്കുമായിരുന്നു. സമയാസമയത്ത് ചന്ദ നൽകുകയും ചെയ്യുമായിരുന്നു. ദാനധർമ്മങ്ങളിൽ മുൻപന്തിയിലായിരുന്നു. ദരിദ്രരേയും ആവശ്യ ക്കാരേയും തൊഴിലാളികളേയും ശ്രദ്ധിക്കുമായിരുന്നു. അതു പോലെ ശുചിത്വം ഇഷ്ടപ്പെടുന്ന വ്യക്തിയുമായിരുന്നു. മറ്റു ശുചീകരണത്തോടൊപ്പം ഗസ്റ്റ്ഹൗസും വൃത്തിയാക്കുമായിരുന്നു. പ്രഭാതസവാരിക്കായി എന്റൊപ്പം വരുമായിരുന്നു. അന്നേരം ഒരിക്കലും തന്നെ ഭൗതീക കാര്യങ്ങൾ സംസാരിച്ചിരുന്നില്ല. എപ്പോഴും തബ്ലീഗീപരമായതും ജമാഅത്തീ പരവുമായ കാര്യങ്ങളായിരുന്നു സംസാരിച്ചിരുന്നത്. തന്റെ വാഹനം ജമാഅത്തിന്റെ പരിപാടികൾക്കായും ദരിദ്രകുട്ടിക ളുടെ വിവാഹത്തിനായും പെട്രോളടിച്ച് നൽകുമായിരുന്നു. വരുമ്പോഴും പോകുമ്പോഴും ആവശ്യക്കാരായ സാധുക്കളെ വാഹനത്തിൽ കയറ്റുമായിരുന്നു. പറയുന്നു, ഒരിക്കലും ഞാൻ അദ്ദേഹത്തെ ക്ഷുഭിതനായി കണ്ടിട്ടില്ല.

അദ്ദേഹത്തിന്റെ ഒരു അനഹ്മദി തൊഴിലാളി പറയുന്നു, 25 വർഷമായി നുസ്റത്ത് സാഹിബിനൊപ്പം ജോലി ചെയ്തു. ജീവിതത്തിൽ ഒരിക്കലും എന്നെ വഴക്കു പറയുകയോ എന്നോട് ദേഷ്യപ്പെടുകയോ ചെയ്തിട്ടില്ല. കൂടെ ജോലി ചെയ്യുന്നവർക്ക് എല്ലാ പെരുന്നാളിലും പുതിയ വസ്ത്രങ്ങൾ ഉപഹാരമായി നൽകുമായിരുന്നു. ഖിലാഫത്തിനോട് അഗാധമായ സ്നേഹമുണ്ടായിരുന്നു. ഖുത്ബ എപ്പോഴും തൽസമയം കേൾക്കുമായിരുന്നു. പ്രഭാതസവാരി സമയത്ത് ഹുസൂർ ഇന്നത് പറഞ്ഞു, ഇന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചു എന്നെല്ലാം പറയുമായിരുന്നു. എപ്പോഴും ദീനിനെ ദുനിയാവിനേക്കാൾ മുൻഗണന നൽകുന്നതിനായി ഉപദേശിച്ചിരുന്നു.

മുറബ്ബി സാഹിബ് പറയുന്നു. ഏതെങ്കിലും അവസരത്തിൽ എവിടെയെങ്കിലും പോകേണ്ടിവന്നാൽ ആദ്യം സ്വന്തം കാറിൽ മുറബ്ബിസാഹിബിനേയും ഫാമിലിയേയും കൊണ്ടു ചെന്നാക്കുന്നു. പിന്നീട് സ്വന്തം ഫാമിലിയെ കൊണ്ടുപോകും. സൽക്കാരങ്ങളിൽ സാധുക്കളെ നിർബന്ധമായും ക്ഷണിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തികൊണ്ടു പോകുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള തൗഫീഖ് നൽകട്ടെ. അല്ലാഹു പാകിസ്ഥാനിലെ ഓരോ അഹ്മദിയേയും ശത്രുക്കളുടെ എല്ലാ ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കട്ടെ.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 November 30 at : Baitul Futuh London
Translation: T.M.Abdul Mujeeb Mob: 9946794987

Typing: A.T.Nasarudheen,M.P.Tahir Ahmed & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**